
## കത്തുകൾ



# അറുകൊല ചെയ്യപ്പെടുന്ന സത്യങ്ങൾ

***ഗുജറാത്തിൽനിന്ന്*** ഞെട്ടിക്കുന്ന വാർത്തകൾ നിരന്തരം വന്നുകൊണ്ടിരിക്കുന്നു. വ്യാജ ഏറ്റുമുട്ടലിലൂടെ ഗുജറാത്ത് പോലീസ് കൊലപ്പെടുത്തിയ സുഹ്റാബുദ്ദീൻ ശൈഖിന്റെ ഭാര്യ കൗസർബിയെയും വധിച്ചതായും മൃതദേഹം കത്തിച്ചുകളഞ്ഞതായും ഗുജറാത്ത് സർക്കാർ സുപ്രീംകോടതിയിൽ സമ്മതിക്കുകയുണ്ടായി.

ബി.ജെ.പി ഭരണത്തിനു കീഴിലാണ് വ്യാജ ഏറ്റുമുട്ടൽ സംഭവങ്ങൾ വ്യാപകമാകുന്നത്. ന്യൂദൽഹിയിലെ അൻസൽ പ്ലാസയിലുണ്ടായ ഏറ്റുമുട്ടലിന്റെ നിജഃസ്ഥിതി ഒരു ഡോക്ടറുടെ ദൃക്സാക്ഷി മൊഴിയിലൂടെയാണ് വെളിച്ചത്തായത്. ഗുജറാത്തിൽ നരേന്ദ്രമോഡിയുടെ ഭരണത്തിൽ ഏറ്റുമുട്ടൽ നാടകങ്ങൾ വർധിച്ചതിൽ അത്ഭുതപ്പെടാനില്ല. സുഹ്റാബുദ്ദീൻ ശൈഖിനെ വധിച്ചതിന്റെ സാക്ഷിയായ കൗസർബിയെ കൊന്നത് തെളിവുനശിപ്പിക്കാൻ വേണ്ടിയായിരുന്നു.

2004 ജൂൺ 15-നാണ് നരേന്ദ്രമോഡിയെ വധിക്കാൻ ശ്രമിച്ചുവെന്ന പേരിൽ ഒരു കോളേജ് വിദ്യാർഥിനിയടക്കം നാലുപേരെ കാറിൽ യാത്രചെയ്യുമ്പോൾ ഗുജറാത്ത് പോലീസ് വെടിവെച്ചുകൊന്നത്. 'ഭീകരരെ' കൊന്ന വാർത്ത ആഘോഷിക്കുകയായിരുന്നു കേരളത്തിലെയടക്കം മാധ്യമങ്ങൾ. ന്യൂനപക്ഷ വേട്ടയിലൂടെ കുപ്രസിദ്ധിയാർജിച്ച മോഡിയുടെ ഗുജറാത്തിൽ നിന്നുവന്ന ഈ വാർത്തയുടെ വിശ്വാസ്യത പരിശോധിക്കാൻ മീഡിയ തയാറാവാത്തത് കുരുതിക്ക് കൂട്ടുനിൽക്കുന്നതിന് സമാനമാണ്.

പഴുതടച്ചാണ് ഏറ്റുമുട്ടൽ നാടകങ്ങൾ അരങ്ങേറുന്നത് എന്നതുകൊണ്ടുതന്നെ സംഭവം വെളിച്ചത്താവുന്നത് വിരളമാണ്. 2001 ഡിസംബർ 8-നാണ് രാജ്കോട്ടിൽ റിമാൻഡ് പ്രതി ആസിഫ് റസാഖാൻ യാത്രക്കിടയിൽ പോലീസിന്റെ വെടിയേറ്റ് മരിച്ചത്. വെട്ടിച്ച് രക്ഷപ്പെടാൻ ശ്രമിച്ചതിനാണെന്നായിരുന്നു ഔദ്യോഗിക വിശദീകരണം. 2002 ഒക്ടോബർ 22-ന് പോലീസുകാരനെ കൊലപ്പെടുത്തിയ കേസിൽ സമീർഖാൻ പത്താൻ സംഭവസ്ഥലത്തേക്ക് കൊണ്ടുപോകുംവഴി വെടിയേറ്റ് മരിച്ചു. അതിന്റെ വിശദീകരണം പോലീസിന്റെ റിവോൾവർ പിടിച്ചുവലിച്ച് രക്ഷപ്പെടാൻ ശ്രമിച്ചു എന്നതായിരുന്നു. 2003 ജനുവരി 13-ന് പോലീസിന് നേരെ വെടിവെച്ചു എന്ന പേരിൽ നരോദയിൽ സാദിഖ് ജമാർ മഹേതറിനെ പോലീസ് വെടിവെച്ചുകൊന്നു. 'ഭീകരരെ' വധിച്ച പോലീസുദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റവും റിവാർഡുകളും നൽകി അവരെ 'കർമരംഗ'ത്ത് കൂടുതൽ സജീവമാക്കുന്നുമുണ്ട്.

ജമ്മുകശ്മീരിൽ തീവ്രവാദികളെ കൊല്ലുന്ന സൈനികർക്ക് നാലുലക്ഷം രൂപയാണ് പാരിതോഷികമായി നൽകുന്നത്. ഈ സമ്പ്രദായം ഉടൻ അവസാനിപ്പിക്കണമെന്ന് യാസീൻ മാലികും ട്രേഡ് യൂനിയൻ നേതാവ് തപൻ ബോസും ആവശ്യപ്പെട്ടത് ശ്രദ്ധേയമാണ്. 2006-ൽ വിദേശ തീവ്രവാദികളെന്നാരോപിച്ച് രണ്ടുപേരെ കൊലപ്പെടുത്തിയ പ്രത്യേക ദൗത്യസേനയുടെ അവകാശവാദം പൊളിഞ്ഞത് കഴിഞ്ഞ ഫെബ്രുവരിയിലാണ്. കൊല്ലപ്പെട്ടത് തെക്കൻ കശ്മീരിലെ ആശാരിയായിരുന്ന അബ്ദുർറഹ്മാൻ പദ്ദറും മൗലവി ശൗക്കത്ത് കതാറിയയുമായിരുന്നുവെന്ന് ഡി.എൻ.എ പരിശോധനയിലൂടെ തെളിയുകയായിരുന്നു.

സത്യം കൊലചെയ്യപ്പെടുന്ന ഏറ്റുമുട്ടൽ എപ്പിസോഡുകൾ ഇനിയും തുടരാതിരിക്കണമെങ്കിൽ ശക്തമായ നിയമനടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

**അൻവർ സാദാത്ത്**
**കുന്ദമംഗലം**

# ടൂറിസത്തിന്റെ സാധ്യതകൾ

തൻസീം കുറ്റ്യാടി എഴുതിയ കത്ത് (ലക്കം 44) ഇന്നത്തെ ചില ടൂർ പ്രോഗ്രാമുകളുടെ ചുരുക്കവിവരണമാണ്. പല ഉല്ലാസയാത്രകളും അടിപൊളിയിൽ തുടങ്ങി, അടിപിടിയിലാണ് അവസാനിക്കാറ്. മാന്യമായ വിനോദയാത്ര നടത്താൻ ഉദ്ദേശിക്കുന്നവർക്ക് ഒട്ടേറെ പ്രയാസങ്ങളുണ്ട്.

ഗൾഫ് മലയാളികളുമായി ബന്ധപ്പെട്ട് ചിലത് കുറിക്കാൻ ഉദ്ദേശിക്കുന്നു: ഏറെ മാനസിക സമ്മർദങ്ങളിലാണ് തൊണ്ണൂറ് ശതമാനം ഗൾഫ് മലയാളികളും ജീവിക്കുന്നത്. പ്രതികൂല കാലാവസ്ഥയും ജോലിയിലെ അനിശ്ചിതത്വവും കുടുംബവുമായുള്ള അകൽച്ചയും സഹിച്ച് ഒന്നോ രണ്ടോ വർഷത്തെ കാത്തിരിപ്പിനു ശേഷം നാട്ടിൽ വന്നാൽ കുടുംബത്തോടൊപ്പം വിശ്വസിച്ച് ഉല്ലാസയാത്ര ചെയ്യാവുന്ന സംവിധാനം ഇന്ന് കേരളത്തിലില്ലെന്നാണ് മനസ്സിലാകുന്നത് (ചില മതസംഘടനകൾ നടത്തുന്ന ഏർവാടി, മുത്തുപ്പേട്ട, നാഗൂർ 'സ്പിരിചൽ' യാത്ര വിസ്മരിക്കുന്നില്ല! അതിനും മാർക്കറ്റ് കുറവാണ്).

നാട്ടിലെത്തുന്ന പ്രവാസി സ്വന്തമായി ഫാമിലി ടൂർ സംഘടിപ്പിച്ചാൽ തന്നെ റൂട്ടുകളുടെ പരിചയക്കുറവ് കാരണം പലപ്പോഴും അതത് ജില്ലകളിൽ പരിമിതപ്പെടുത്തേണ്ടിവരുന്നു.

പ്രസ്ഥാന പ്രവർത്തകർക്ക് ഇക്കാര്യത്തിൽ മാതൃകാപരമായ സംരംഭങ്ങൾ തുടങ്ങാൻ കഴിയുമെന്നാണ് വിശ്വാസം. ഇതിനു വേണ്ട വാഹനങ്ങളും മറ്റും വാങ്ങുന്നതിന് പ്രവാസി മലയാളികൾ സഹകരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. പ്രവാസികൾക്കും വിദ്യാർഥികൾക്കും ഏറെ പ്രയോജനം ചെയ്യുന്ന ഇത്തരം സംരംഭങ്ങളിൽ പ്രസ്ഥാന പ്രവർത്തകരുടെ ശ്രദ്ധ പതിയുമെന്ന് പ്രതീക്ഷിക്കുന്നു.

**മുഹമ്മദ് കുനിയൻപാറ**
**രിയാദ്**

# 'പ്രതിവാരം' പ്രതിമാസമാകുന്നുവോ?

ഒരു പുസ്തകം വായിച്ചുകഴിഞ്ഞ ശേഷമുള്ള ആളല്ല അത് വായിക്കുന്നതിനു മുമ്പുള്ള ആൾ എന്ന് ആരോ പറഞ്ഞിട്ടുണ്ട്. സീതിയുടെ 'പ്രതിവാരം' പലപ്പോഴും ഈ വാക്കുകളെ അന്വർഥമാക്കുന്നു. നമുക്ക് സുപരിചിതമായ, എന്നാൽ ഗൗരവമായി തോന്നാത്ത വിഷയങ്ങളിൽ പ്രതിവാരം ഫോക്കസ് ചെയ്യുമ്പോൾ അതിന് പ്രത്യേക മാനം കൈവരുന്നുണ്ട്. വിഷയത്തിന്റെ മർമത്തിലേക്കാണ് പംക്തി നമ്മെ നയിക്കുന്നത്. ആകർഷകവും അനുയോജ്യവുമായ ടൈറ്റിലുകളും പ്രതിപാദ്യ പംക്തിയെ വാരികയിലെ ഇതര ഇനങ്ങളുടെ മുമ്പേ നടത്തുന്നു. കാലികപ്രസക്തവും ചിന്താപരവുമായ 'പ്രതിവാരം' പക്ഷേ ഈയടുത്തായി 'പ്രതിമാസ'മായാണ് വരുന്നത്. വായനക്കാരെ അവഗണിക്കാം, പംക്തിയുടെ ശീർഷകത്തോടെങ്കിലും നീതി പുലർത്തേണ്ടതില്ലേ?

**എ.പി മിർശാം, മാവൂർ**

# പരിഭാഷയിൽ പിശക്

**ശൈഖ്** മുഹമ്മദ് കാരകുന്ന് എഴുതിയ 'ബഹുദൈവാരാധന, സാമൂഹിക തിന്മ, ജനകീയ പോരാട്ടം' (ലക്കം: 45) വായിച്ചു. ഇസ്‌ലാമിന്റെ വിമോചനമുഖം മനസ്സിലാക്കാനും അധർമത്തിനും അനീതിക്കുമെതിരെ ഇസ്‌ലാമിക ഭൂമികയിൽനിന്ന് സമരം നയിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിയാനും ലേഖനം സഹായകമായി.

പക്ഷേ, ലേഖനത്തിൽ ഉദ്ധരിച്ച ഒരു ഖുർആൻ സൂക്തത്തിന്റെ പരിഭാഷയിൽ പിശകുണ്ട്. 11:117 സൂക്തത്തിന് ലേഖകൻ നൽകിയ വിവർത്തനം ഇങ്ങനെയാണ്: "നാട്ടുകാർ നന്മചെയ്യുന്നവരായിരിക്കെ അല്ലാഹു ശിർക്ക് കാരണം ആ നാടുകളെ നശിപ്പിക്കുകയില്ല." എന്നാൽ ശരിയായ വിവർത്തനം ഏകദേശം ഇപ്രകാരമാണ്: "നാട്ടുകാർ നന്മ ചെയ്യുന്നവരായിരിക്കെ അല്ലാഹു അന്യായമായി ആ നാടുകളെ നശിപ്പിക്കുകയില്ല." 'ശിർക്ക് കാരണം' എന്ന് ആയത്തിലില്ല. പിശക് ഗുരുതരമാണ്.

ഭൂമിയിൽ നാശത്തിന് കാരണമാകുന്നത് ശിർക്കല്ലെന്നും, മറിച്ച് അധർമവും സദാചാരവിരുദ്ധതയും അനീതിയും മനുഷ്യാവകാശ ലംഘനങ്ങളുമാണെന്നും അതിനാൽ അത്തരം തിന്മകൾക്കെതിരെയുള്ള പോരാട്ടം ഏറെ പ്രാധാന്യമർഹിക്കുന്നുവെന്നും സമർഥിക്കുകയാണ് ലേഖകൻ. ഈ ആശയത്തോട് ആരും വിയോജിക്കുമെന്ന് തോന്നുന്നില്ല. എന്നാൽ അതിനുവേണ്ടി ആയത്തിനെ ഈ രീതിയിൽ പരിഭാഷപ്പെടുത്തുന്നതിനോട് യോജിക്കാൻ കഴിയില്ല. ഇത് ലേഖകന്റെയും *പ്രബോധന*ത്തിന്റെയും ആധികാരികതയെ ചോദ്യം ചെയ്യുന്നു.

**ടി.എസ് മുഹമ്മദ്,**
**മെഡിക്കൽ കോളേജ്, തിരുവനന്തപുരം**

# ശിർക്കും സാമൂഹിക ജീർണതകളും

**പൂർവിക** സമൂഹങ്ങളുടെ നാശനിമിത്തം സാമൂഹിക തിന്മകൾ മാത്രമാണ് എന്ന് മനസ്സിലാക്കാൻ പ്രയാസമുണ്ട്. വിശ്വാസജീർണതയും തജ്ജന്യമായ സാമൂഹിക തിന്മകളുമാണ് അതിനു കാരണമെന്ന് കരുതുന്നതാണ് ന്യായം. വിശുദ്ധ ഖുർആൻ തന്നെ അക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്: "വിശ്വസിക്കാനേ വിചാരമില്ലാത്ത ജനത്തിന് ദൃഷ്ടാന്തങ്ങൾകൊണ്ടും താക്കീതുകൾ കൊണ്ടും എന്തു പ്രയോജനം! ഇനി ഇക്കൂട്ടർ ഇവർക്കു മുമ്പ് കഴിഞ്ഞുപോയ ജനങ്ങൾ നേരിട്ട അതേ ദുർദിനത്തെ നേരിടുകയല്ലാതെ മറ്റെന്താണ് പ്രതീക്ഷിക്കുന്നത്! അവരോട് പറയുക: ശരി, കാത്തിരിക്കുവിൻ. നിങ്ങളോടൊപ്പം ഞാൻ കാത്തിരിക്കാം. പിന്നീട് (ആ സന്ദർഭം ആസന്നമാകുമ്പോൾ) നമ്മുടെ ദൂതന്മാരെയും വിശ്വസിച്ചവരെയും നാം രക്ഷപ്പെടുത്തുന്നു. ഇതു തന്നെയാകുന്നു നമ്മുടെ ചര്യ. വിശ്വാസികളെ രക്ഷിക്കുകയെന്നത് നമ്മുടെ ബാധ്യതയാകുന്നു" (*യൂനുസ്*: 101-103).

'ബഹുദൈവാരാധന, സാമൂഹിക തിന്മ, ജനകീയ പോരാട്ടം' എന്ന ലേഖനത്തിൽ *സൂറഃ ഹൂദ്* 117-ാം സൂക്തത്തിനു നൽകിയ അർഥകൽപന സർവാംഗീകൃത ഖുർആൻ വ്യാഖ്യാനങ്ങൾക്ക് എതിരത്രെ. 'നാട്ടുകാർ നന്മ ചെയ്യുന്നവരായിരിക്കെ അല്ലാഹു ശിർക്ക് കാരണം ആ നാടുകളെ നശിപ്പിക്കുകയില്ല' എന്നാണല്ലോ ലേഖകൻ നൽകുന്ന അർഥം. എന്നാൽ *തഫ്ഹീമുൽ ഖുർആൻ, തർജുമയെ ഖുർആൻ (ഖുർആൻ ഭാഷ്യം), തർജുമാനുൽ ഖുർആൻ, അൽബയാൻ ഫീ മആനിൽ ഖുർആൻ* തുടങ്ങിയവയിൽ കാണുന്നത് ഇങ്ങനെയാണ്: 'നാട്ടുകാർ നന്മ പ്രവർത്തിക്കുന്നവരായിരിക്കെ നിന്റെ നാഥൻ ആ നാടുകളെ നശിപ്പിക്കുകയില്ല.'

**ഹസനുൽബന്നാ, കുഞ്ഞിമംഗലം,**
**കണ്ണൂർ**

### ലേഖകന്റെ വിശദീകരണം

**മുകളിൽ** ചേർത്ത കുറിപ്പുകളിൽ പറയുന്നതുപോലെ 'നാട്ടുകാർ നന്മചെയ്യുന്നവരായിരിക്കെ അല്ലാഹു അന്യായമായി ആ നാടുകളെ നശിപ്പിക്കുകയില്ല' എന്നത് ഖുർആൻ 11-ാം അധ്യായം 117-ാം സൂക്തത്തിന്റെ നേർക്കുനേരെയുള്ള പരിഭാഷയല്ല. ചില ഖുർആൻ വ്യാഖ്യാതാക്കൾ നൽകിയ വ്യാഖ്യാനത്തിന്റെ വെളിച്ചത്തിലുള്ള ആശയാവിഷ്കാരമാണ്. അത് തെറ്റാണെന്ന് പറയാവതല്ല. അതോടൊപ്പം വ്യാഖ്യാനമൊട്ടുമില്ലാതെ ഏതു സാധാരണക്കാരനും പെട്ടെന്ന് ഉൾക്കൊള്ളാൻ കഴിയുന്നതുമാണ്. അതിനാൽ അത്തരക്കാരെ ഉദ്ദേശിച്ച് തയാറാക്കിയ *ലളിതസാര*ത്തിലും പ്രസ്തുത സൂക്തത്തിന് അതേ ഭാഷ്യമാണ് നൽകിയത്. എന്നാൽ നേർക്കുനേരെയുള്ള പരിഭാഷ 'നാട്ടുകാർ നന്മ ചെയ്യുന്നവരായിരിക്കെ അല്ലാഹു ളുൽമു കാരണം ആ നാടുകളെ നശിപ്പിക്കുകയില്ല' എന്നതാണ്. 'ബിളുൽമിൻ' എന്നതാണല്ലോ ഖുർആനിക പ്രയോഗം. 'തീർച്ചയായും ശിർക്ക് കടുത്ത ളുൽമ് ആണ്' എന്ന് ഖുർആൻ പറയുന്നു (31:11). അതിനാൽ ഖുർആൻ സൂക്തത്തെ ഖുർആൻ കൊണ്ടുതന്നെ വ്യാഖ്യാനിക്കുകയെന്ന സർവാംഗീകൃത രീതിയനുസരിച്ചുള്ള ആശയവിവർത്തനമാണ് പ്രസ്തുത സൂക്തത്തിന് ലേഖനത്തിൽ നൽകിയത്. അതാണെങ്കിൽ ഈ ലേഖകൻ സ്വയം നൽകിയതുമല്ല. 'ബിളുൽമിൻ' എന്നതിന് 'ബിശിർകിൻ' എന്ന് പൂർവികരായ പല ഖുർആൻ വ്യാഖ്യാതാക്കളും നൽകിയ അർഥം അതേപടി സ്വീകരിച്ചതാണ്.

അല്ലാഹുവിൽ വിശ്വസിക്കാനും വിശ്വസിക്കാതിരിക്കാനും പങ്കുചേർക്കാനും ചേർക്കാതിരിക്കാനും അവൻ സ്വാതന്ത്ര്യം നൽകുന്നു. അതോടൊപ്പം ആരെയും ഏകദൈവവിശ്വാസിയും ഏകദൈവാരാധകനുമാകാൻ നിർബന്ധിക്കാൻ പ്രവാചകന്മാർക്കു പോലും അനുവാദമില്ല' (ഖുർആൻ: 2:256, 18:29, 16:35, 42:48, 5:92, 10:99, 88:21,22).

അല്ലാഹുവിനെക്കൂടാതെ ആരാധിക്കുന്നവയെ ശകാരിക്കാൻ പോലും പാടില്ലെന്നും (6:108) ബഹുദൈവാരാധനാലയങ്ങളുടെ സുരക്ഷിതത്വം കൂടി ദൈവിക നടപടിക്രമത്തിന്റെ ഭാഗമാണെന്നും (22:40) ഖുർആൻ വ്യക്തമാക്കുന്നു. ബഹുദൈവവിശ്വാസവും ബഹുദൈവാരാധനയും ഉപേക്ഷിക്കാൻ നിർബന്ധം ചെലുത്തുന്നതുകൂടി വിലക്കിയ ഖുർആൻ അവയുടെ പേരിൽ ഭൂമിയിൽ ശിക്ഷ നടപ്പാക്കുകയില്ലെന്നത് സുവിദിതമാണല്ലോ. പ്രസ്തുത ആശയമാണ് ഉപര്യുക്ത ഖുർആൻ സൂക്തം വിളംബരം ചെയ്യുന്നതെന്ന് പ്രമുഖ സ്വഹാബി ഇബ്നു അബ്ബാസും റാസി, ഖുർത്വുബി, മുഹമ്മദ് ശൗകാനി, ത്വബരി, ആലൂസി പോലുള്ള മറ്റ് മുഫസ്സിറുകളും വ്യക്തമാക്കിയത് എടുത്തു ചേർക്കുകയാണ് ഞാൻ പ്രസ്തുത ലേഖനത്തിൽ ചെയ്തത്. ഉപര്യുക്ത ആയത്തിന് നബി(സ) നൽകിയ വിശദീകരണം ഇതിനു തെളിവായി ആലൂസി ഉദ്ധരിച്ചതും ആ ലേഖനത്തിൽ ചേർത്തിട്ടുണ്ട്. ബഹുദൈവവിശ്വാസത്തിന്റെയും ബഹുദൈവാരാധനയുടെയും പേരിൽ മാത്രം അല്ലാഹു ഭൂമിയിൽ ജനസമുദായങ്ങളെ നശിപ്പിക്കുകയില്ല, നശിപ്പിച്ചിട്ടുമില്ല. മറിച്ച് അവരെ നശിപ്പിക്കുന്ന രീതി ഖുർആൻ തന്നെ വ്യക്തമാക്കിയിട്ടുണ്ട്: "ഒരു നാടിനെ നശിപ്പിക്കണമെന്ന് നാമുദ്ദേശിച്ചാൽ അവിടത്തെ സുഖലോലുപരോട് നാം കൽപിക്കും. അങ്ങനെ അവരവിടെ അധർമം (ഫിസ്ഖ്) പ്രവർത്തിക്കും. അതോടെ അവിടം ശിക്ഷാർഹമായിത്തീരും. അങ്ങനെ നാമതിനെ തകർത്തുതരിപ്പണമാക്കുന്നു'' (17:16).

അതിനാൽ ബഹുദൈവാരാധനയുടെ ശിക്ഷ പരലോകത്തു വെച്ചാണ്. അത് കഠിനവുമാണ്. എന്നാൽ ഭൂമിയിൽ അതിന്റെ പേരിൽ ജനസമൂഹങ്ങളെ നശിപ്പിക്കുകയില്ല. രണ്ടാമത്തെ കുറിപ്പിൽ ഉദ്ധരിച്ച സൂറഃ *യൂനുസി*ലെ 101-103 വാക്യങ്ങൾ ഈ ആശയത്തെ നിഷേധിക്കുന്നവയല്ല. കേവലമായ സത്യനിഷേധത്തിന് അന്നംപോലും മുടക്കുകയില്ലെന്ന് അല്ലാഹു അസന്ദിഗ്ധമായി വ്യക്തമാക്കിയിട്ടുണ്ട് (2:126). പിന്നെയാണോ സമൂലനാശം?